


ഫോട്ടോ : മധുരാജ്, മാതൃഭൂമി

# പ്ലാച്ചിമട : ആർ. അജയനും സി. ആർ. നീലകണ്ഠനും അറിയുവാൻ

കതിരൂർ രാമദാസ്

കേരളീയത്തിൽ (2007 മെയ്, ലക്കം 118) പ്രസിദ്ധീകരിച്ച പ്ലാച്ചിമടസമരവുമായി ബന്ധപ്പെട്ട ലേഖനങ്ങളിൽ ആർ. അജയനും സി. ആർ. നീലകണ്ഠനും പ്രകടിപ്പിച്ച ഏറെ തെറ്റിധാരണാജനകങ്ങളായ ചില അഭിപ്രായങ്ങളുടെ മറുവശം ചൂണ്ടിക്കാണിക്കാനാണ് ഈ കുറിപ്പ്.

അജയന്റെ ലേഖനത്തിൽ പറഞ്ഞിരിക്കുന്ന ഒരു കാര്യം കോളാ കമ്പനി ഏറെക്കുറെ അടച്ചുകഴിഞ്ഞു; അതിനി തുറക്കാൻ പോകുന്നില്ല; ഇനി ചിന്തിക്കേണ്ടത് നഷ്ടപരിഹാരത്തെക്കുറിച്ച് മാത്രമാണ് എന്നൊക്കെയാണ്. എന്തടിസ്ഥാനത്തിലാണ് അജയൻ ഈ വിധത്തിൽ പറയുന്നത് എന്ന് മനസിലാവുന്നില്ല. പ്ലാച്ചിമടയിൽ വല്ലപ്പോഴും പോകുന്ന ഒരാൾ എന്ന നിലയിൽ ഞാൻ മനസ്സിലാക്കിയിരിക്കുന്നത് പ്ലാച്ചിമട കോളാ ഫാക്ടറിയിൽ കോളയുൽപ്പാദനം കഴിഞ്ഞ 42 മാസമായി നടക്കുന്നില്ലായെങ്കിലും ഫാക്ടറി സാധാരണ പോലെ തുറക്കുകയും ജീവനക്കാർ ഹാജരാവുകയും ഫാക്ടറിയിലേക്കും പുറത്തേക്കും ലോറികളിൽ എന്തൊക്കെയൊ കൊണ്ടുവരികയും കൊണ്ടുപോവുകയും ചെയ്യുന്നുണ്ട് എന്നാണ്. അജയന്റെ ലേഖനത്തിൽ പറയുന്നതുപോലെ ഫാക്ടറി അതിവിദൂര ഭാവിയിൽ തുറക്കാൻ സാധ്യമല്ലായെന്ന് കമ്പനി പത്രക്കുറിപ്പ് ഇറക്കിയതായി മറ്റാരും പറഞ്ഞുകേട്ടിട്ടുമില്ല. മറിച്ച്, കമ്പനി ഒരിക്കൽ ഇറക്കിയ പത്രക്കുറിപ്പിൽ പറഞ്ഞിരിക്കുന്നത് പെരുമാട്ടി പഞ്ചായത്ത് അധികൃതർ മുന്നോട്ടുവച്ച ഉപാധികളോടെ കമ്പനിക്ക് തുറന്ന് പ്രവർത്തിക്കാൻ കഴിയില്ല എന്നാണ്. അതുകൊണ്ടാണ് അവർ പഞ്ചായത്ത് നിലപാടുകളെ ചോദ്യം ചെയ്തുകൊണ്ട് ഉന്നത നീതിപീഠത്തിൽ നിയമയുദ്ധം നടത്തുന്നത്. കമ്പനി മറ്റൊരു അവസരത്തിൽ ഇറക്കിയ പത്രക്കുറിപ്പിൽ ഫാക്ടറി മറ്റൊരു സംസ്ഥാനത്തിലേക്ക് മാറ്റാനുള്ള ഒരു നീക്കവും നടത്തുന്നില്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇതിന്റെയെല്ലാം അർത്ഥം പ്ലാച്ചിമടയിൽത്തന്നെ കോള ഉൽപാദനം പുനരാരംഭിക്കാൻ കമ്പനി എല്ലാ ശ്രമങ്ങളും നടത്തുമെന്ന് തന്നെയല്ലേ?

കോളാ കമ്പനിയിൽ നിന്ന് നഷ്ടപരിഹാരം ഈടാക്കാൻ ശ്രമിക്കുകയാണ് ഇനി വേണ്ടതെന്ന് പറയുന്ന അജയൻ അതേ ശ്വാസത്തിൽത്തന്നെ ഒരു രാത്രി കൊണ്ടോ പകലു കൊണ്ടോ തീരുമാനമെടുക്കാവുന്ന കാര്യമല്ല നഷ്ടപരിഹാരപ്രശ്നം എന്നുമോർമ്മിപ്പിക്കുന്നു. ആ വാദഗതിക്കുള്ള ന്യായീകരണമെന്ന നിലയിൽ, ഭോപ്പാൽ ദുരന്തമുണ്ടായി 25 കൊല്ലം കഴിഞ്ഞിട്ടും നഷ്ടപരിഹാരകാര്യം പരിഗണിച്ചിട്ടില്ലാ എന്നും അദ്ദേഹം പറയുന്നു. (ഭോപ്പാൽ ദുരന്തത്തിനിരയായവരിൽ ഒരു വിഭാഗത്തിനെങ്കിലും കോടതി നടപടികളിലൂടെയും സർക്കാർ ഇടപെടലുകളിലൂടെയും ഭാഗികമായെങ്കിലും നഷ്ടപരിഹാരം ലഭിച്ചതായിട്ടാണ് എന്റെ അറിവ്) അജയന്റെ വാദഗതികളനുസരിച്ച് 25 കൊല്ലം കഴിഞ്ഞ് കിട്ടിയേക്കാവുന്ന (ഒരു പക്ഷേ കിട്ടിയില്ലെന്നും വരാം) നഷ്ടപരിഹാരത്തെക്കുറിച്ച് മാത്രമാണ് ഇനി പ്ലാച്ചിമട സമരക്കാർ ആലോചിക്കേണ്ടത്.

അജയൻ അദ്ദേഹത്തിന്റെ ലേഖനത്തിലൂടെ സ്ഥാപിക്കാൻ ശ്രമിക്കുന്ന മറ്റൊരു കാര്യം ജനങ്ങളും ഗവൺമെന്റും ഒരു വശത്തും കോളാ കമ്പനി മറുവശത്തുമായി നിലകൊള്ളുന്നു എന്നതാണ്. കേസ് നടത്താൻ പെരുമാട്ടി പഞ്ചായത്തിന് ഒരു ലക്ഷം രൂപാ അനുവദിച്ചു, സമരക്കാരുടെ പേരിലുള്ള 11 കേസുകൾ പിൻവലിച്ചു. (ഇനിയും പിൻവലിക്കാത്ത കേസുകളുടെ കാര്യത്തിൽ നിശബ്ദത) ഭൂമിയില്ലാത്ത ആദിവാസികൾക്ക് ഭൂമി വാങ്ങി വീടുവെച്ചുകൊടുക്കാമെന്നു വാഗ്ദാനം ചെയ്തതും (ഇത് പ്ലാച്ചിമടയിൽ മാത്രം ചെയ്യുന്ന കാര്യമല്ലല്ലോ) എല്ലാമാണ് ഗവൺമെന്റ് സമരം ചെയ്യുന്ന ജനങ്ങളോടൊപ്പമാണ് എന്നതിന്റെ തെളിവായി അജയൻ നിരത്തി വെക്കുന്ന ന്യായങ്ങൾ. അങ്ങനെയെങ്കിൽ ഒരു സംശയം ഇവിടെ ബാക്കിയാവും. കോളാ കമ്പനിയിൽ നിന്നും ജനങ്ങൾക്ക് നഷ്ടപരിഹാരം ഈടാക്കി നൽകും എന്ന പരസ്യ നിലപാടെടുക്കാൻ സർക്കാർ എന്തുകൊണ്ട് തയ്യാറാവുന്നില്ല. കോളാ കമ്പനി മൂലം പ്ലാച്ചിമട നിവാസികൾക്ക് സംഭവിച്ചിട്ടുള്ള ബഹുമുഖ നഷ്ടങ്ങളെക്കുറിച്ച് കൃത്യമായ കണക്കെടുപ്പ് ഔദ്യോഗിക ഏജൻസികളെക്കൊണ്ട് എന്തുകൊണ്ട് നടത്തിക്കുന്നില്ല ? പ്ലാച്ചിമട നിവാസികളുടെ കുടിനീർ വറ്റിക്കുകയും മലിനപ്പെടുത്തുകയും ഫാക്ടറി മാലിന്യം വളമാണെന്ന് തെറ്റിധരിപ്പിച്ച് കർഷകർക്ക് വിറ്റഴിക്കുകയും ചെയ്ത കോളാ കമ്പനിയെ കുറ്റവിചാരണ ചെയ്യണമെന്ന തുറന്ന നില

പാടെടുക്കാൻ സർക്കാർ എന്തുകൊണ്ട് തയ്യാറാവുന്നില്ല. ഉപരിപ്ലവമായ ചില ചില്ലറ നടപടികളെടുക്കുകയും സമരമുന്നയിക്കുന്ന അടിസ്ഥാന പ്രശ്നങ്ങളിൽ മൗനമവലംബിക്കുകയും ചെയ്യുന്ന സർക്കാർ സമരം ചെയ്യുന്ന ജനങ്ങളോടൊപ്പമാണ് എന്നു പറയുന്നതിനെന്തർത്ഥം. കോളാ നിരോധന പ്രഖ്യാപനം പോലും പ്ലാച്ചിമട സമരത്തെ പൊളിക്കാൻ കമ്പനിക്കുവേണ്ടി നടത്തിയ നീക്കമായിരുന്നോ എന്നും സംശയിക്കാവുന്നതാണ്. (ആ പ്രഖ്യാപനം ചൂണ്ടിക്കാണിച്ച് ചിലരെയെല്ലാം സമരരംഗത്തുനിന്നും പിൻമാറ്റാൻ ചിലർക്ക് കഴിഞ്ഞു എന്നതുമായി ഈ സംശയത്തെ കൂട്ടിവായിക്കേണ്ടതാണ്.)

പ്ലാച്ചിമട കാര്യത്തിൽ നിയമങ്ങളുടെ അഭാവമോ അപര്യാപ്തതയോ ഇല്ലെന്നും പ്ലാച്ചിമടകൾ ആവർത്തിക്കില്ലായെന്ന് ഒരു ഉറപ്പും സർക്കാരിൽ നിന്നും കിട്ടാൻ പോകുന്നില്ലായെന്നും ജനകീയ ശക്തി കൊണ്ടേ ഇനി വരാൻ പോകുന്ന പ്ലാച്ചിമടകളെ തടയാൻ കഴിയൂ എന്നും അജയൻ ലേഖനത്തിലൂടെ പറയുന്നു. ഇവിടെയും ചില ചോദ്യങ്ങൾ ഉന്നയിക്കാനുണ്ട്. നിലവിലുള്ള നിയമങ്ങൾ പ്ലാച്ചിമടകളെ പ്രതിരോധിക്കാൻ പര്യാപ്തമാണെങ്കിൽ എന്തിന് ജനങ്ങളെ അഞ്ചുവർഷത്തിലേറെയായി സമരരംഗത്ത് തളച്ചിടണം ? എന്തുകൊണ്ട് കോടതികളിൽ നിന്ന് ഇത്തരം കാര്യങ്ങളിൽ തിരിച്ചടി നേരിടുന്നു ? മാത്രവുമല്ല, ഏറെ പ്രസക്തമായ മറ്റൊരു കാര്യവും പ്ലാച്ചിമട സമരവുമായി ബന്ധപ്പെട്ട് ഇവിടെ ഉയർന്നു വരുന്നുണ്ട്. ജലം പോലുള്ള അടിസ്ഥാന വിഭവങ്ങൾ സംരക്ഷിക്കുന്ന കാര്യത്തിൽ തീരുമാനമെടുക്കാൻ ഗ്രാമസഭകൾക്ക് പരമാധികാരം നൽകുന്ന നിയമ ഭേദഗതി പ്ലാച്ചിമട സമരസമിതി ഉന്നയിക്കുന്ന സുപ്രധാന ആവശ്യമാണ്. ജനശക്തി കൊണ്ട് മൂലധന ശക്തികളെ തടയാനുള്ള വ്യവസ്ഥാപിതമായ മാർഗ്ഗം തുറന്നു കിട്ടാനാണ് സമരസമിതി ഇത്തരമൊരു ആവശ്യം ഉന്നയിക്കുന്നത്. എന്തുകൊണ്ടാണ് അജയൻ ഈ വിഷയത്തെക്കുറിച്ച് നിശബ്ദത പുലർത്തുന്നതും നിയമങ്ങളുടെ അപര്യാപ്തതയോ അഭാവമോ ഇല്ലെന്ന് തീർപ്പു കൽപിക്കുന്നതും. അജയന്റെ അഭിപ്രായത്തിൽ സമരം ചെയ്യുന്ന ജനങ്ങളോടൊപ്പം നിൽക്കുന്ന സർക്കാർ എന്തുകൊണ്ടാണിപ്പോഴും ഇക്കാര്യത്തിൽ മൗനം പാലിക്കുന്നത്. പഞ്ചായത്ത് രാജ് നിയമങ്ങൾ തികച്ചും ഒരു സംസ്ഥാന വിഷയമാകയാൽ ഇക്കാര്യത്തിൽ നിയമനിർമാണം നടത്താൻ സംസ്ഥാന സർക്കാരിന് ആവുമെന്ന് സാമാന്യ രാഷ്ട്രീയ ബോധമുള്ള ആരും സമ്മതിക്കും. ഇക്കാര്യത്തിൽ ഇന്ത്യാ ഗവൺമെന്റിന്റെ ചട്ടക്കൂടിനെ പഴി പറഞ്ഞ് തലയൂരാൻ ആർക്കും കഴിയില്ല.

അജയൻ പ്ലാച്ചിമട സമര ഐക്യദാർഢ്യസമിതിയുടെ കൺവീനർമാരിൽ ഒരാളാണ്. അത്തരത്തിലുള്ള ഒരു ചുമതല വഹിച്ചുകൊണ്ട് സമരസമിതി ഉന്നയിച്ചിരിക്കുന്ന ആവശ്യങ്ങളിൽ ചിലതിനെ വരികൾക്കിടയിലൂടെ തള്ളിപ്പറയുകയും ഇനി സമരം തുടരേണ്ടതില്ലെന്ന് പറയാതെ പറയുകയുമാണ് അദ്ദേഹം ചെയ്യുന്നത്. പ്ലാച്ചിമടയിൽ കോളയുൽപ്പാദനം നിലച്ചത് കഴിഞ്ഞ സർക്കാരിന്റെ കാലത്താണ് (സർക്കാരിന് അതിൽ പങ്കില്ലെങ്കിൽക്കൂടി). ആ നിലയ്ക്ക് സർക്കാരും പഞ്ചായത്തും ജനങ്ങളുടെ പക്ഷത്തു വന്നത് ആ കാലഘട്ടത്തിലാണു താനും. എന്നാൽ അന്ന് സമരം ശക്തമായി തുടരണമെന്ന് നിലപാടിലായിരുന്നു ഐക്യദാർഢ്യസമിതിയും കൺവീനറും. അന്നത്തെ സാഹചര്യത്തിൽ വന്നിരിക്കുന്ന മാറ്റം സമരത്തെ പിൻതുണച്ചിരുന്ന പ്രതിപക്ഷ നേതാവ് മുഖ്യമന്ത്രിയായി എന്നതും ഐക്യദാർഢ്യസമിതി കൺവീനർ ഒരു മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫംഗമായി എന്നതും, പിന്നീട് കോടതി അസാധുവാക്കിയ കോളാ നിരോധന പ്രഖ്യാപനം നടത്തി എന്നതും മാത്രമാണ്. എന്നാൽ ഈയിടെ സമരത്തിന്റെ സ്വഭാവത്തിൽ ചില മാറ്റങ്ങളുണ്ടായി. പുതിയ സർക്കാരും സമരസമിതി ഉന്നയിച്ചിരിക്കുന്ന അടിസ്ഥാനാവശ്യങ്ങൾ അവഗണിച്ചിരിക്കുന്ന പശ്ചാത്തലത്തിൽ സമരം ശക്തിപ്പെടുത്തുന്നതിന് അനുകൂലമായ് പ്രചരണം നടത്തിക്കൊണ്ട് ജനകീയ ജലാധികാര യാത്ര സംഘടിപ്പിക്കുകയും ഏപ്രിൽ 22 മുതൽ സമരം 24 മണിക്കൂർ റിലേ ഉപവാസമായി ശക്തിപ്പെടുത്തുകയും ചെയ്തിരിക്കുന്നു. ജലാധികാര യാത്ര പൊളിക്കാൻ അജയൻ പ്രതിനിധാനം ചെയ്യുന്ന പാർട്ടിയുടെ പാലക്കാട്ടെ ചില നേതാക്കൾ നടത്തിയ കളികൾ സമരസമിതി ചെയർമാൻ തന്നെ എറണാകുളത്തുനടന്ന ഐക്യദാർഢ്യസമിതി യോഗത്തിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. മാത്രവുമല്ല ഐക്യദാർഢ്യസമിതി കൺവീനർ സ്ഥാനത്തിരുന്നുകൊണ്ട് ജലാധികാര യാത്രയെ സഹായിക്കുവാൻ അജയൻ എന്തുചെയ്തു എന്നതും ബന്ധപ്പെട്ടവരിൽ നിന്നും മനസ്സിലാക്കിയിട്ടുണ്ട്. ജലാധികാരയാത്രയ്ക്കുശേഷം ഐക്യദാർഢ്യസമിതി വിപുലപ്പെടുത്തിയപ്പോഴും കൂട്ടുനേതൃത്വത്തിൽ ജനാധിപത്യപരമായി അത് പ്രവർത്തിച്ചു തുടങ്ങിയപ്പോഴും അജയൻ അതിനോട് എന്തു നിലപാടുകളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത് എന്ന് അറിയാവുന്നവർക്ക് നന്നായറിയാം. കേരളീയത്തിലെ അജയന്റെ ലേഖനം സ്വാഭാവികമായും അതിന്റെയെല്ലാം തുടർച്ചയും.

പ്ലാച്ചിമട സമരം - ഭാവി രാഷ്ട്രീയം എന്ന സി. ആർ നീലകണ്ഠന്റെ ലേഖനവും ഇടതു ഭരണകാലത്ത് പ്ലാച്ചിമട സമരം ശക്തിപ്പെടുന്നതിലുള്ള അസഹിഷ്ണുത പ്രകടിപ്പിക്കുന്ന ഒന്നായിരുന്നു. ഏറെ വൈരുദ്ധ്യങ്ങൾ നിറഞ്ഞ പ്രസ്തുത ലേഖനത്തിലൂടെ അദ്ദേഹം ചെയ്യുന്നതും പ്ലാച്ചിമട സമരം ശക്തിപ്പെടുത്തുന്നതിനെതിരെ ഒളിയമ്പു പായിക്കലാണ്. പരസ്പരം കടിച്ചുകീറുന്നവർക്ക് വരെ ഒരു പോലെ പങ്കെടുക്കാൻ കഴിയുന്ന ഒന്നായിരുന്നു പ്ലാച്ചിമട സമരം എന്നു പറയുന്ന നീലകണ്ഠൻ സമരത്തിന്റെ കൂടെ നിന്നിരുന്നവരെ (ഇടതു കക്ഷികളെ എന്നു വ്യക്തം) വിമർശിക്കുമ്പോൾ മറുപക്ഷത്തെ കൂടെ നിർത്തുന്നതിൽ തെറ്റു കാണുന്നു. അദ്ദേഹം ലേഖനത്തിൽ പറയുന്നതുപോലെ പ്ലാച്ചിമട സമരസമിതി എല്ലാ പക്ഷങ്ങളുമായും എല്ലാ വിചാരധാരകളുമായും സമദൂരം പാലിച്ചിരുന്നു. പ്ലാച്ചിമട സമരസമിതി കോളാ കമ്പനിക്ക് എതിരെയുള്ള നടപടി ആവശ്യപ്പെടുന്നത് നാടുഭരി

ക്കുന്ന സർക്കാരിനോടാണ്. സർക്കാർ ഉചിതമായ നടപടി സ്വീകരിക്കാത്തപ്പോൾ സർക്കാരിനെ നയിക്കുന്നത് ആരാണെന്നു നോക്കാതെ സർക്കാരിനെ വിമർശിക്കുന്നത് സ്വാഭാവികം. മുമ്പ് ഇടതുപക്ഷം പ്രതിപക്ഷത്തായിരുന്നപ്പോൾ അന്നത്തെ ഭരണപക്ഷത്തിനെതിരെ വിമർശനമുന്നയിച്ചതിൽ എന്തെങ്കിലും തെറ്റുകണ്ടയാളാണ് സി. ആർ. നീലകണ്ഠനെന്നതിന് ഇതുവരെ തെളിവില്ല താനും.

അതുപോലെ തന്നെ പരസ്പര വൈരുദ്ധ്യങ്ങളുള്ള ഒട്ടേറെ പ്രസ്ഥാനങ്ങളുടെ പങ്കാളിത്തം കൊണ്ട് ശക്തി പ്രാപിച്ച പ്ലാച്ചിമട സമരത്തെക്കുറിച്ച് മറ്റുള്ളവർ പഠനം നടത്തുന്നു എന്നാക്ഷേപിക്കുന്ന നീലകണ്ഠൻ ആരെയാണ് മറ്റുള്ളവരായി കാണുന്നത് എന്നു മനസ്സിലാവുന്നില്ല. മാത്രവുമല്ല, ഈ പഠനക്കാർ പുതിയതായി രംഗത്തു വന്നവരുമല്ല. മറിച്ച് ഇന്നത്തെ കേരള സർക്കാർ അധികാരമേൽക്കുന്നതിനും വളരെ മുമ്പേ രൂപം കൊണ്ട പഠനസമിതിയാണ് നീലകണ്ഠന്റെ വിമർശനത്തിന് വിധേയരായ പഠനക്കാർ. പ്ലാച്ചിമട സമരസമിതിയുടെയും ഐക്യദാർഢ്യസമിതിയുടെയും സംയുക്തസംരംഭമാണ് പഠനസമിതി എന്നാണ് പഠനസമിതിയുടെ നോട്ടീസുകളിൽ കണ്ടിട്ടുള്ളത്. സമരസമിതിയോ ഐക്യദാർഢ്യസമിതിയോ അത് നിഷേധിച്ചിട്ടുമില്ല. മാത്രവുമല്ല പഠനസമിതിയുടെ പ്രവർത്തനറിപ്പോർട്ട് അവതരിപ്പിക്കപ്പെട്ട ഒരു യോഗത്തിൽ ആ പഠനസമിതിയിൽ സി. ആർ. നീലകണ്ഠനുമുള്ളതായി അവിടെ പറയുന്നതും കേട്ടു. അതുകൊണ്ടുതന്നെ സി. ആർ. നീലകണ്ഠന്റെ ലേഖനത്തിൽ ഏറെക്കാലമായി പ്ലാച്ചിമടയിൽ നടക്കുന്ന പഠനം എന്തിന് എന്നും അവിടെ പറഞ്ഞുകേൾക്കുന്ന സാധ്യായസംഘം, ജലാധികാരം തുടങ്ങിയ പ്രയോഗങ്ങൾ തദ്ദേശീയമല്ല എന്നും മറ്റുമുള്ള വിമർശനം വായിക്കുമ്പോൾ ആകെയൊരു കൺഫ്യൂഷനാണുണ്ടാവുക. മാത്രവുമല്ല ലേഖനത്തിലൊരിടത്ത് സർക്കാരിനെതിരെ സമരം ചെയ്യണം, അതിത്തരത്തിലാണോ എന്ന് അദ്ദേഹം ചോദിക്കുന്നുണ്ട്. ഏതു തരത്തിൽ സമരം ചെയ്യണമെന്ന് അദ്ദേഹം പറയുന്നുമില്ല. സർക്കാരിനെതിരെ സമരം ചെയ്യാനുള്ള വിപുലമായ ജനകീയ ഐക്യനിരയുണ്ടോ എന്നും അദ്ദേഹം ചോദിക്കുന്നു. സമരത്തോടൊപ്പം നിന്ന ചിലർ ഭരണക്കാരായി എന്നതൊഴിച്ചാൽ സമരത്തിനു മുമ്പുണ്ടായിരുന്ന പിന്തുണക്കാരും പിന്തുണ പിൻവലിച്ചിട്ടില്ല എന്ന് നീലകണ്ഠൻ മനസ്സിലാക്കിയിട്ടില്ല എന്നു തോന്നുന്നു. സമരം രാഷ്ട്രീയകക്ഷികളിൽ നിന്ന് നവ സാമൂഹ്യ പ്രസ്ഥാനങ്ങൾ ഏറ്റെടുത്തു എന്ന പരാമർശവും തെറ്റിധാരണ പരത്തുന്നതാണ്. മുമ്പും ഇപ്പോഴും പ്ലാച്ചിമടയിൽ സമരം നടത്തുന്നത് രാഷ്ട്രീയ കക്ഷികളോ നവ സാമൂഹ്യ പ്രസ്ഥാനങ്ങളോ അല്ല. പ്ലാച്ചിമട മേഖലയിലെ ആളുകൾ ഉൾപ്പെട്ട സമരസമിതിയാണ് മുമ്പും ഇപ്പോഴും സമരം നടത്തുന്നത്. നവ സാമൂഹ്യ പ്രസ്ഥാനങ്ങളും രാഷ്ട്രീയ കക്ഷികളും സമരത്തെ പിൻതുണച്ചിട്ടേയുള്ളൂ. പിന്തുണാ സമരം നടത്തിയ ചില രാഷ്ട്രീയ കക്ഷികൾ പിൽക്കാലത്ത് തങ്ങളാണ് പ്ലാച്ചിമട സമരം നടത്തിയത് എന്നവകാശപ്പെട്ടിട്ടുണ്ടെന്നത് നേര്. ആ അവകാശവാദത്തെ പിൻതുണക്കലാണ് സി. ആർ. മേൽ സൂചിപ്പിച്ച പരാമർശത്തിലൂടെ ചെയ്യുന്നത്. എന്നാൽ സമരത്തിന്റെ പിതൃത്വം ഏറ്റെടുത്ത രാഷ്ട്രീയ പ്രസ്ഥാനങ്ങൾ പ്ലാച്ചിമട സമരത്തിന്റെ ആദ്യഘട്ടത്തിൽ സമരത്തിനെതിരെ യുദ്ധ പ്രഖ്യാപനം നടത്തിയവരാണെന്ന് കുറഞ്ഞപക്ഷം പ്ലാച്ചിമടയിലെ ജനങ്ങൾക്കെങ്കിലുമറിയാം.

അന്നും ഇന്നും എന്നും നടക്കുന്നത് വർഗ്ഗസമരമാണെന്ന് പറയുന്ന സി. ആറിന്റെ ലേഖനത്തിൽ ആരാണ് പുതിയ തൊഴിലാളി വർഗ്ഗമെന്നും പറയുന്നുണ്ട്. പാർശ്വവൽക്കൃതരാണ് പുതിയ തൊഴിലാളി വർഗ്ഗമെന്ന് കണ്ടെത്തുന്ന അദ്ദേഹം പ്ലാച്ചിമടയിലെ ആദിവാസികളുടെ സമരം രൂക്ഷമാക്കുന്നതിനെതിരെ ഒളിയമ്പെയ്യുന്നതിലെ വർഗ്ഗതാൽപ്പര്യം മനസ്സിലാവുന്നില്ല. അദ്ദേഹത്തിന്റെ വീക്ഷണത്തിൽ ആദിവാസികൾ പാർശ്വവൽക്കൃതരല്ലെന്നുണ്ടോ? പഠനവും യാത്രയും എല്ലാം വലതുപക്ഷ രാഷ്ട്രീയമാണെന്ന വിചിത്രമായ ഒരു കണ്ടുപിടുത്തവും അദ്ദേഹത്തിന്റെ ലേഖനത്തിലുണ്ട്.

അജയനെപ്പോലെതന്നെ സി. ആർ. നീലകണ്ഠനും ഇടതുഭരണകാലത്ത് പ്ലാച്ചിമട സമരം ശക്തിപ്പെടുത്തുന്നതിലുള്ള അസംതൃപ്തി പ്രകടിപ്പിക്കാൻ അടിസ്ഥാനമില്ലാത്ത വാദഗതികളും ആക്ഷേപങ്ങളും ഉന്നയിച്ച് സംശയത്തിന്റെ പുകമറ സൃഷ്ടിക്കുകയാണ്. അജയൻ ഇടതു ഭരണത്തിന്റെ ഭാഗമാണ്. സി. ആർ. ആവട്ടെ അങ്ങനെയല്ല എന്നു ഭാവിക്കുന്നു. എന്നാൽ അദ്ദേഹത്തിന്റെ ലേഖനത്തിൽ പറയുന്നതുപോലെ ഒളിച്ചുപിടിച്ച കക്ഷിരാഷ്ട്രീയം തന്നെയാണദ്ദേഹവും പ്രകടമാക്കുന്നത്. പ്ലാച്ചിമട കാര്യത്തിൽ മാത്രമല്ല അദ്ദേഹം ഇത്തരം കക്ഷി രാഷ്ട്രീയ ശൈലിയിലുള്ള മലക്കം മറിച്ചിൽ നടത്തുന്നത്. യു. ഡി. എഫ്. ഭരണകാലത്ത് സ്മാർട്ട് സിറ്റി പദ്ധതിയെ എതിർത്തിരുന്ന സി. ആർ. നീലകണ്ഠൻ ഇപ്പോൾ സ്മാർട്ട് സിറ്റി കാരറിന്റെ പിൻതുണക്കാരനായി മാറിയിരിക്കുന്നതുതന്നെ ഉദാഹരണം. സ്പെഷ്യൽ ഇക്കണോമിക് സോൺ തന്നെയെന്ന് കരാറിൽ വ്യക്തമാക്കിയിട്ടുള്ള സ്മാർട്ട് സിറ്റി പദ്ധതിയെ പിൻതുണക്കുന്ന അദ്ദേഹം സിംഗൂരിലെയും നന്ദിഗ്രാമിലെയും സമരങ്ങളെ താരതമ്യം ചെയ്യുന്നതു കാണാൻ നല്ല രസമുണ്ട്.

കപട ഇടതുനാട്യവും, ഒളിപ്പിച്ചുവെച്ച കക്ഷിരാഷ്ട്രീയ താൽപര്യങ്ങൾ മുൻനിർത്തിയുള്ള സാംസ്കാരിക - ബൗദ്ധീക പ്രവർത്തനങ്ങൾ കേരളത്തിൽ ശക്തമാണ്. ആർ. അജയന്റെയും സി. ആർ. നീലകണ്ഠന്റെയും ഇവിടെ പരാമർശിക്കപ്പെട്ട ലേഖനങ്ങൾ ആ നിലയ്ക്ക് തിരിച്ചറിയപ്പെടണം.

ഈ കുറിപ്പെഴുതിയ ഞാനൊരു ഇടതുപക്ഷേതര രാഷ്ട്രീയ പ്രവർത്തകനാണെന്നത് മറച്ചുവെയ്ക്കുന്നില്ല. പ്ലാച്ചിമട സമരസമിതിയിലോ ഐക്യദാർഢ്യസമിതിയിലോ ഞാനംഗമല്ല. എന്നാൽ പ്ലാച്ചിമട സമരത്തിൽ കഴിഞ്ഞ മൂന്നു വർഷമായി വല്ലപ്പോഴും പോയി പങ്കെടുക്കുന്ന ഒരാളാണ്. ഭരണം മാറിയെങ്കിലും സമരത്തോടുള്ള എന്റെ നിലപാടിൽ ഒരു മാറ്റവും വന്നിട്ടില്ല എന്നു കൂടി സൂചിപ്പിക്കട്ടെ.

*സുദർശനം സായാഹ്നപത്രം, പഴയ സ്റ്റാന്റ്, തലശ്ശേരി, കണ്ണൂർ*